**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1362** **01-02-2024 - ൽ മറുപടിയ്ക്ക്**

**വർക്കല വിനോദസഞ്ചാര മേഖല പരിപോഷിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റേയും മുൻസർക്കാരിന്റേയും കാലയളവിൽ വർക്കലയിലെ വിനോദസഞ്ചാര മേഖല പരിപോഷിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (എ) | വർക്കലയുടെ സമഗ്ര ടൂറിസം വികസനം ലക്ഷ്യം വച്ചുകൊണ്ട് നിരവധി പദ്ധതികൾ നടപ്പാക്കി വരുന്നു. വർക്കല പാപനാശം ബീച്ചിന്റെ അടിസ്ഥാന സൗകര്യങ്ങൾ ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന നടപ്പാക്കുന്നതിന് 97,78,000/- രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വർക്കല പാപനാശം ടൂറിസം കേന്ദ്രം സന്ദർശിക്കുന്ന വിനോദ സഞ്ചാരികൾക്കായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ടോയ്‌ലറ്റ് കോംപ്ലക്സിന്റെ നിർമ്മാണവും വർക്കല ഗസ്റ്റ് ഹൗസിൽ പുതിയ കോട്ടേജുകളുടെ നിർമ്മാണവും നിലവിലുള്ളവയുടെ നവീകരണവും നടന്നുവരുന്നു. ഇതിനുപുറമേ വർക്കലയിൽ ടൂറിസം വികസനം ലക്ഷ്യം വെച്ച് സമഗ്രമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ കെ.ടി. ഐ.എൽ - നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ